LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വിനിയോഗിച്ച് പശു, കിടാരി, ആട്, കോഴി വളർത്തൽ പദ്ധതികൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ, മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രണ പദ്ധതി, ക്യാമ്പ് ഡിസ്പെൻസറികളും ഫാം സന്ദർശനങ്ങളും, വറ്റുകറവ തീറ്റ വിതരണ പദ്ധതി, ന്യായവില മെഡിക്കൽ സ്റ്റോറുകൾ എന്നിവ മൃഗസംരക്ഷണ വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു.

**മൃഗസംരക്ഷണ വകുപ്പിലെ പ്രൊമോഷൻ**

30 (2523) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ 2012 മുതൽ സീനിയോറിറ്റി മറികടന്ന് വെറ്ററിനറി സർജൻമാരുടെ പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇടുക്കി കൽത്തൊട്ടി വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജനായ ഡോ. ടെസ്സി സബിതയുടെ ജൂനിയറായ എത്ര പേർക്ക് നാളിതുവരെ പ്രമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഡോ. ടെസ്സി സബിതയ്ക്ക് ഇതുവരെ പ്രൊമോഷൻ നൽകാതെ തടഞ്ഞുവയ്ക്കുവാനുണ്ടായ കാരണം വിശദമാക്കാമോ;

(ഡി) ഡോ. ടെസ്സി സബിതയ്ക്ക് മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇവർക്ക് പ്രൊമോഷൻ നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിൽ 2012-ൽ തയ്യാറാക്കിയ വെറ്ററിനറി സർജന്മാരുടെ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുള്ളത്. അതിൽനിന്നും യോഗ്യരായവരെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചാണ് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്. അപ്രകാരം സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഉദ്യോഗക്കയറ്റത്തിന് അർഹതരല്ലാത്തവരെ മറികടന്ന് യോഗ്യരായവരുടെ പട്ടിക ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കി നൽകിയതനുസരിച്ച് അയോഗ്യരെ ഒഴിവാക്കി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. സീനിയോറിറ്റി നമ്പർ 36, 37, 40, 41, 49, 53, 66, 67, 70, 71, 125, 127, 131, 133, 144, 157, 160, 165, 167, 168, 170, 173, 175, 176 പ്രകാരമുള്ള ഉദ്യോഗസ്ഥർക്കും വിവിധ കാരണങ്ങളാൽ ഡി.പി.സി. അയോഗ്യരായി കണ്ട് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള യോഗ്യരായവർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. 2017-ലേയ്ക്കുള്ള യോഗ്യരായവരുടെ പട്ടിക അംഗീകരിച്ച ഡി.പി.സി.യും ടി സീനിയോറിറ്റി നമ്പറിലുള്ള ഉദ്യോഗസ്ഥരെ അയോഗ്യരായി കണ്ട് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഡോ. ടെസ്സി സബിതയുടെ ജൂനിയറായ 117 പേർക്ക് ഡി.പി.സി. തെരഞ്ഞെടുത്തപ്രകാരം ഇതിനകം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. അവരുടെ സീനിയോറിറ്റി നമ്പറുകൾ ഇപ്രകാരമാണ്. 38,39, 42 മുതൽ 48, 50, 51, 52, 54 മുതൽ 65, 68, 69, 72 മുതൽ 124, 126, 128 മുതൽ 130, 132, 134 മുതൽ 143, 145 മുതൽ 156, 158 മുതൽ 159, 161 മുതൽ 164, 166, 169, 171, 172, 174.

(സി) ഡോ. ടെസ്സി സബിത എറണാകുളം ജില്ലയിലെ കരുമാലൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ ജോലി നോക്കിയിരുന്ന അവസരത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനും കൃത്യവിലോപം നടത്തിയതിനും അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നതിനാലും അച്ചടക്കനടപടി നാളിതുവരെ പൂർത്തിയാകാത്തതിനാലുമാണ് ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകാൻ യോഗ്യതയില്ലെന്ന് കണ്ട് ടിയാളെ ഡി.പി.സി. യോഗ്യരായവരുടെ പട്ടികയിൽനിന്ന് ഒഴിവാക്കിയത്.

(ഡി & ഇ) ഡോ. ടെസ്സി സബിതയ്ക്കെതിരായ അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറക്കും ആ സമയത്ത് കൂടുന്ന ഡി.പി.സി. തീരുമാനത്തിന് വിധേയമായിട്ടും മാത്രമേ ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകുന്ന വിഷയം പരിഗണിക്കാനാകൂ. വീഴ്ച വരുത്തിയതായി കാണുന്നില്ല.